പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2804 19.06.2014- ൽ മറുപടിക്ക്

പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | നടപ്പ് വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് പാലക്കാട് ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | നടപ്പു സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് കുടിവെള്ള വിതരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് പാലക്കാട് ജില്ലയ്ക്ക് മൊത്തം 6.26 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | എത്ര പദ്ധതികൾക്കായിട്ടാണ് ഈ തുക അനുവദിച്ചിട്ടുള്ളത്; | (ബി) | പദ്ധതികളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയിട്ടല്ല തുക അനുവദിച്ചിട്ടുള്ളത്. |
| (സി) | എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി; എത്രയെണ്ണം പൂർത്തീകരിച്ചു; | (സി) | നടപ്പു സാമ്പത്തിക വർഷം 91 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പദ്ധതികൾ പൂർത്തിയായിട്ടില്ല. |
| (ഡി) | പൂർത്തീകരിക്കുവാൻ ബാക്കിയുള്ളത് എത്ര; ഇവ എന്ന് പൂർത്തീകരിക്കുവാൻ കഴിയും; | (ഡി) | നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ടാങ്കർ ലോറികളിൽ കുടി വെള്ളം വിതരണം ചെയ്തതിന് ജില്ലയിൽ ചെലവഴിച്ച തുക എത്ര; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കുമോ? | (ഇ) | ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ 2014 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ 38,64,150/- രൂപ ജില്ലയിൽ ചെലവായിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ചെലവായ തുക ഇനി പറയും പ്രകാരമാണ്. |

| പഞ്ചായത്ത് | ചെലവായ തുക |
|---|---|
| അയിലൂർ | 83,200/- |
| എലവഞ്ചേരി | 4,26,400/- |
| കൊല്ലങ്കോട് | 31,740/- |
| മുതലമട | 4,84,200/- |
| വടവന്നൂർ | 78,400/- |
| പുതുനഗരം | 1,29,600/- |
| പട്ടഞ്ചേരി | 3,77,280/- |
| പെരുമാട്ടി | 11,75,850/- |
| എരുത്തേമ്പതി | 1,03,680/- |
| വടകരപ്പതി | 5,94,720/- |

കൂടാതെ കേരള ജല അതോറിറ്റിയിൽ നിന്നും ശേഖരിച്ച കുടിവെള്ളത്തിന് 3,79,080/- രൂപയും നൽകിയിട്ടുണ്ട്. 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ ബില്ലുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ